പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5189 — 27.07.2015 ൽ മറുപടിക്ക്

## അനധികൃത ഭൂമി കൈയ്യേറ്റം

ചോദ്യം — ഉത്തരം

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ .അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളപ്പിറവിയോടുകൂടിയും ശേഷവും സംസ്ഥാന സർക്കാരിന് ഉടമസ്ഥാവകാശമുണ്ടായിരുന്ന എത്ര ഭൂമി അന്യസംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നുവെന്ന് സംസ്ഥാനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ; സംസ്ഥാന സർക്കാരിന് ഉടമസ്ഥാവകാശമുണ്ടായിരുന്ന എത്ര ഭൂമി ഈ സംസ്ഥാനത്തുണ്ടായിരുന്നു എന്നും അതിൽ എത്ര ഭൂമി 2015-ൽ സർക്കാർ ഉടമസ്ഥതയിലുണ്ടെന്നും എത്ര ഭൂമി സർക്കാർ ഉത്തരവുകൾ വഴി ആർക്കെല്ലാം നൽകിയെന്നും ഇതിൽ സംസ്ഥാനത്തിനുള്ളിൽ ഭൂരഹിതരായ എത്ര പേർക്ക് എത്ര ഭൂമി നല്കിയെന്നും നാളിതുവരെ മറ്റു സംസ്ഥാനത്തുള്ള സർക്കാർ ഭൂമിയിൽ എത്ര കൈയ്യേറ്റം നടന്നുവെന്നും അതു തിരിച്ച് പിടിക്കാനായി ഈ സർക്കാർ എന്തു നടപടികൾ | (എ), (ബി) & (സി) | സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ കേരളപ്പിറവിയോടുകൂടിയും ശേഷവും വിവിധ സംസ്ഥാനങ്ങളിൽ ഉണ്ടായിരുന്നതും ഇപ്പോഴും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ വസ്തുക്കൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കേരള സർക്കാരിന്റെ പേരിൽ അന്യ സംസ്ഥാനങ്ങളിലുള്ള വസ്തുക്കൾ സർക്കാർ ഉത്തരവുകൾ പ്രകാരം ആർക്കും നൽകിയിട്ടില്ല. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാര വളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള – തമിഴ് നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ; | | ടി കൊട്ടാരം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതി ചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കൈയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട് കേരള സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. പ്രസ്തുത കേസ്സിൽ ഈ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിച്ചിട്ടുണ്ട്. 1964 ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽ നിന്നും 2 ഏക്കർ സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടു നൽകിയിട്ടുണ്ട്. ചെന്നൈ നുങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടു |
| (ബി) | അന്യ സംസ്ഥാനങ്ങളിൽ എവിടെയെല്ലാം സർക്കാർ ഭൂമി പ്രസ്തുത സംസ്ഥാന സർക്കാറും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; | | |
| (സി) | പത്മനാഭപുരം കൊട്ടാരവുമായി ബന്ധപ്പെട്ട സർക്കാർ ഭൂമി എത്രയെന്നും അവയിൽ എത്ര ഭൂമി സർക്കാർ അറിവോടെ സ്വകാര്യ വ്യക്തികൾക്കും സർക്കാർ ഉത്തരവു പ്രകാരം സ്ഥാപനങ്ങൾക്കും നല്കിയെന്നും എത്ര ഭൂമി തമിഴ്നാട് സർക്കാരും തദ്ദേശവാസികളും കൈവശം വച്ചിട്ടുണ്ടെന്നും അതു തിരിച്ചു പിടിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ് നാട് പോലീസ് ക്വാർട്ടേഴ്സിനുമായി കൈയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. മറ്റുള്ള സ്ഥലങ്ങളിൽ കൈയ്യേറ്റം നിലവിലില്ല. |
| (ഡി) | അന്യസംസ്ഥാനത്തുള്ള സർക്കാർ ഭൂമിയിൽ എത്ര ഭൂമി പൊതുമരാമത്ത്, ടൂറിസം, പുരാവസ്തു, വനം, കൊച്ചിൻ ദേവസ്വം ബോർഡ് തുടങ്ങിയ വകുപ്പുകൾക്കും ഇൻഡ്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷൻ കൗൺസിൽ പോലുള്ള പ്രസ്ഥാനങ്ങൾക്കും നല്കിയെന്ന് വ്യക്തമാക്കുമോ: | (ഡി) | അനുബന്ധത്തിൽ പറഞ്ഞപ്രകാരം |
| (ഇ) | ഇതിൽ കൂടുതൽ ഭൂമി ഇവർ കൈവശം വച്ചിട്ടുണ്ടോ എന്നും എങ്കിൽ എത്ര എന്നും മറ്റു സംസ്ഥാനങ്ങൾ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി എത്രയെന്നും ഇവ എന്നത്തേക്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ? | (ഇ) | ഇല്ല. അനധികൃതമായി കൈയ്യേറിയ ഭൂമി തിരിച്ചു പിടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പേര് | വസ്തുവിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉടമാവകാശം (വകുപ്പ്) |
|---|---|---|---|---|
| 1 | കേരള ഹൌസ്, ന്യൂഡൽഹി | 2.496 ഏക്കർ | 6867.33 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 2 | ട്രാവൻകൂർ ഹൌസ്, ന്യൂഡൽഹി | 8.075 ഏക്കർ | 4424.00 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 3 | കപൂർത്തല പ്ലോട്ട്, ന്യൂഡൽഹി | 4.108 ഏക്കർ | 741.01 മീ.സ്ക്വയർ | പൊതുഭരണ വകുപ്പ് |
| 4 | കേരള പവിലിയൻ, പ്രഗതി മൈതാൻ, ന്യൂഡൽഹി | 0.40 ഏക്കർ | 2020.00 മീ.സ്ക്വയർ | ഇന്ത്യൻ ട്രെയിഡ് പ്രൊമോഷൻ ഓർഗനൈസേഷൻ |
| 5 | തുള്ളോക്ക് ഗാർഡൻ, ചെന്നൈ | 8.00 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 6 | കേരള ഹൌസ്, കന്യാകുമാരി | 4.063 ഏക്കർ | ലഭ്യമല്ല | ടൂറിസം വകുപ്പ് |
| 7 | കുറ്റാലം കൊട്ടാരം കുറ്റാലം, തമിഴ് നാട് | 55.60 ഏക്കർ | ലഭ്യമല്ല | പൊതുമരാമത്ത് വകുപ്പ് |
| 8 | പത്മനാഭപുരം കൊട്ടാരം, കന്യാകുമാരി | 6.30 ഏക്കർ സ്ഥലത്താണ് എന്ന് പുരാവസ്തു ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. | ലഭ്യമല്ല | പുരാവസ്തു വകുപ്പ് |
| 9 | ടിമ്പർ ഡിപ്പോ, ചെങ്കോട്ട | 14.38 ഏക്കർ | 85.56 മീ.സ്ക്വയർ | വനം വകുപ്പ് |
| 10 | ടിമ്പർ ഡിപ്പോ, പൊള്ളാച്ചി | 8.62 ഏക്കർ | ലഭ്യമല്ല | വനം വകുപ്പ് |
| 11 | ടിമ്പർ ഡിപ്പോ, നഞ്ചൻകോട്, കർണ്ണാടക | 5.93 ഏക്കർ | 97.75 മീ.സ്ക്വയർ | വനം വകുപ്പ് |
| 12 | സത്രം, വാരണാസി ഉത്തർപ്രദേശ് | 0.175 ഏക്കർ | ലഭ്യമല്ല | കൊച്ചിൻ ദേവസ്വം ബോർഡ് |

(Section officer)